# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 665 — 28.09.2011-ൽ മറുപടിക്ക്

## എൻ.ആർ.എച്ച്.എം-ന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ : | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) ഗ്രാമീണ മേഖലയിലെ രോഗപ്രതിരോധ പ്രവർത്തനങ്ങളും ആശുപത്രികളുടെ അടിസ്ഥാന വികസന സൗകര്യങ്ങളും ലക്ഷ്യമിടുന്ന എൻ.ആർ.എച്ച്.എം-ന്റെ പ്രവർത്തനം സ്തംഭിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) എൻ.ആർ.എച്ച്.എം ന്റെ പ്രവർത്തനം സ്തംഭിച്ചിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം ആരോഗ്യമന്ത്രി ചെയർമാനായുള്ള എൻ.ആർ.എച്ച്.എം ഭരണ സമിതി എത്ര തവണ യോഗം ചേർന്ന് അവലോകനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (ബി) ഈ സർക്കാർ അധികാരമേറ്റശേഷം എൻ.ആർ.എച്ച്.എം ഭരണസമിതി യോഗം ചേർന്നിട്ടില്ല. ഭരണസമിതി യോഗം ചേരാൻ വൈകാതെ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതിപ്രകാരം നിയോഗിച്ച എത്ര ഡോക്ടർമാരെയും നഴ്സുമാരെയും ഇതര ജീവനക്കാരെയും പിൻവലിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച്, ആശുപത്രികൾ തിരിച്ച് വെളിപ്പെടുത്താമോ ; | (സി) ആശുപത്രി തിരിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) 2011-12 സാമ്പത്തിക വർഷത്തിൽ ഇതിനായി എത്ര തുക നീക്കി വച്ചെന്നും ഇതിനകം എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ ? | (ഡി) 2011-12 ലെ സാമ്പത്തിക വർഷത്തിലെ എൻ.ആർ.എച്ച്.എം വാർഷിക പദ്ധതികൾക്ക് 285 കോടി രൂപ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ നിന്നും 49.91 കോടി രൂപ 31.08.2011 വരെ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ